കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വാഴക്കാട് ഗ്രാമപഞ്ചായത്ത്- "തിരുവാലൂർ എടത്തൊട്ടിൽ ഇടവഴി കോൺക്രീറ്റിംഗ്" എന്ന പ്രോജക്ട് - സ്പിൽഓവറായി തുടരാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2341/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 01.09.2018

പരാമർശം :- 1. വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2018-ലെ A3-1207/18 ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ തീരുമാനം നം. 4.36(iii)

## ഉത്തരവ്

വാഴക്കാട് ഗ്രാമപഞ്ചായത്ത് 2016-17 വർഷം "തിരുവാലൂർ എടത്തൊട്ടിൽ ഇടവഴി കോൺക്രീറ്റിംഗ്" എന്ന പ്രോജക്ട് എടുത്തിരുന്നുവെന്നും (പ്രോ.നം. 81/18, അടങ്കൽ 2.00 ലക്ഷം രൂപ, വികസനഫണ്ട്) ഈ പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ ഗുണഭോക്തൃ സമിതി കൺവീനറുമായി എഗ്രിമെന്റ് വയ്ക്കാൻ കഴിഞ്ഞില്ലെന്നും ഇത് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന രീതിയിൽ 2018-19-ൽ സ്പിൽ ഓവറായി തുടരാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) 13.08.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.36(iii) നമ്പർ തീരുമാനപ്രകാരം, അടങ്കൽ 50,000/- രൂപയിൽ അധികമായതിനാൽ ഗുണഭോക്തൃ സമിതി വഴി ടി പ്രോജക്ട് നടപ്പാക്കാവുന്നതല്ലെന്നും ടെണ്ടർ നടപടിക്രമം പാലിക്കണമെന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി "തിരുവാലൂർ എടത്തൊട്ടിൽ ഇടവഴി കോൺക്രീറ്റിംഗ്" എന്ന പ്രോജക്ട് 2018-19-ലെ പദ്ധതി വിഹിതം ഉപയോഗിച്ച് സ്പിൽഓവറായി തുടരാൻ വാഴക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പ്രസിഡണ്ട്, വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ